©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XIII
## (SUBJECT COMMITTEE XIII)

## സാമൂഹ്യസേവനം
## (SOCIAL SERVICES)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2024-2025)

## FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025)

2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്
(Presented on 10th June 2024)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XIII

# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(2024-2025)

FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS (2024-2025)

407/2024

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
# (സാമൂഹ്യസേവനം)
# (2023-2026)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. കെ. രാധാകൃഷ്ണൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം</u>:

ഡോ. ആർ. ബിന്ദു,
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. ഒ. ആർ. കേളു

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. എം. നൗഷാദ്

ശ്രീമതി ശാന്തകുമാരി കെ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2024 ഫെബ്രുവരി 28-ാം തീയതി സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ച കുറിപ്പുകൾ സമിതി യോഗത്തിൽ പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആരായുകയും ചെയ്തിരുന്നു.

ഭരണഘടനാപരമായ സാമ്പത്തിക പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

2024 മാർച്ച് 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2024 ജൂൺ 10

റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 3284.2239 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | : | 3000 രൂപ |

**പട്ടികജാതി വികസന വകുപ്പ്**

2225-01-277-54—പാലക്കാട് മെഡിക്കൽ കോളേജിന്റെ ഭരണചെലവുകൾ

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

1. പാലക്കാട് മെഡിക്കൽ കോളേജിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും മറ്റ് ഭരണപരമായ ചെലവുകൾക്കും ആവശ്യമായ തുക പ്ലാൻ ശീർഷകത്തിൽ നിന്നുമാണ് അനുവദിച്ചുവരുന്നത് എന്ന് സമിതി മനസ്സിലാക്കുന്നു. ടി തുക നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതിനാൽ ഈ ശീർഷകത്തിൽ 48 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-277-53-12—പോസ്റ്റ് മെട്രിക് സ്റ്റുഡൻസിനുള്ള അധിക സംസ്ഥാന സഹായം-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 150 കോടി രൂപ (പ്ലാൻ)

2. കേന്ദ്ര സർക്കാരിൽ നിന്ന് സ്കോളർഷിപ്പുകൾ ഒന്നും തന്നെ ലഭ്യമാകാത്ത പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് സംസ്ഥാന സഹായം നൽകുന്നതിനും കേന്ദ്രസഹായം ലഭിക്കുന്നവർക്ക് ആയത് സംസ്ഥാന സഹായത്തിന്റെ നിരക്കിൽ ലഭ്യമാക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനും ഉദ്ദേശിച്ച് കൊണ്ടുള്ള ഈ പദ്ധതിയിലെ വിവിധ ഇനങ്ങൾക്കായി 2024-25 വർഷം ആകെ 225 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-282-96-34-3—ആരോഗ്യ സംരക്ഷണ പദ്ധതി - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 59.7571 കോടി രൂപ ( പ്ലാൻ)

3. മാരകരോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം, ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലമുള്ള ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-01-283-89—ഭാഗീകമായി നിർമ്മിച്ച വീടുകളുടെ നിർമ്മാണം, ജീർണ്ണിച്ച വീടുകളുടെ നവീകരണം, പഠനമുറി നിർമ്മാണം.

ബഡ്ജറ്റ് വിഹിതം : 50 കോടി രൂപ ( പ്ലാൻ)

4. പഠനമുറി നിർമ്മാണം, ഭവന പൂർത്തീകരണം, സ്പിൽ ഓവർ വീടുകളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-99-12—മറ്റ് സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും ഫീസ് സൗജന്യവും സ്കോളർഷിപ്പുകൾ - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും.

ബഡ്ജറ്റ് വിഹിതം : 16 കോടി രൂപ (നോൺ പ്ലാൻ)

5. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ഇതര വിഭാഗത്തിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം നൽകുന്നതിനും പോസ്റ്റ് ഗ്രാജ്വേറ്റ്/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻഡ്, ഫീസ് സൗജന്യം എന്നിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നു. ജനറൽ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി പ്രതിവർഷം 60,000 ജനറൽ വിഭാഗ വിദ്യാർത്ഥികൾ അപേക്ഷിക്കാറുണ്ട്. ഇവരുടെ സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി ശരാശരി 30 കോടി രൂപ പ്രതിവർഷം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ എല്ലാ വർഷവും ഈ ഇനത്തിൽ ബഡ്ജറ്റിൽ 16 കോടി രൂപ മാത്രമാണ് വകയിരുത്തുന്നത്. മുൻ

വർഷങ്ങളിലെ കുടിശ്ശിക തീർത്ത് ആനുകൂല്യം വിതരണം ചെയ്യുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 41 കോടി രൂപ അധികമായി ധനപുനഃർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

2225-02-102-94—പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ (പ്ലാൻ)

6. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് നൽകി വരുന്ന വിവാഹ ധനസഹായം 1 ലക്ഷം രൂപയും അനാഥരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് നൽകി വരുന്നത് 1.5 ലക്ഷം രൂപയുമാണെന്ന് സമിതി മനസ്സിലാക്കുന്നു. അപേക്ഷകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ 2024-25 സാമ്പത്തിക വർഷം അപേക്ഷിക്കുന്ന എല്ലാവർക്കും ആനുകൂല്യം നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-102-76—ഗോത്ര വാത്സല്യനിധി (ആദിവാസി പെൺകുട്ടികളുടെ എൻഡോവ്മെന്റ് പദ്ധതി)

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

7. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് സാമൂഹികവും സാമ്പത്തികവുമായ സുരക്ഷിതത്വം നൽകുക വഴി ജനനം മുതലുള്ള വിവിധ ഘട്ടങ്ങളിലുള്ള സമഗ്ര വികസനവും ആരോഗ്യ വിദ്യാഭ്യാസ നേട്ടങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്ന പ്രസ്തുത പദ്ധതി പുതിയ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-198-50—റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 53.16 ലക്ഷം രൂപ (നോൺ പ്ലാൻ)

8. റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ മിശ്രവിവാഹ ധനസഹായത്തിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ജില്ലാ ഓഫീസുകളിൽ തീർപ്പാക്കാൻ ശേഷിക്കുന്ന അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുന്നതിന് 142 ലക്ഷം രൂപ

അധികമായി വേണ്ടി വരുമെന്നും സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ-സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും.

ബഡ്ജറ്റ് വിഹിതം : 17.325 കോടി രൂപ (നോൺപ്ലാൻ)

9. സംസ്ഥാനത്തെ പത്താംക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റും പ്രതിമാസ സ്റ്റൈപെന്റും അനുവദിച്ച് നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഈ ശീർഷകത്തിൽ 3.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-94-34-3—ഗിരിവർഗ്ഗ ഹോസ്റ്റൽ - മറ്റ് ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : 8.625 കോടി രൂപ (നോൺപ്ലാൻ)

10. പ്രീ മെട്രിക് ഹോസ്റ്റലുകളിലെ 5500 വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് ഇനത്തിൽ 16.5 കോടി രൂപയും യൂണിഫോം, നൈറ്റ് ഡ്രെസ് മറ്റു ചിലവുകൾക്കായി 1.65 കോടി രൂപയും ഉൾപ്പെടെ ആകെ 18.15 കോടി രൂപ ഈ ശീർഷകത്തിൽ ആവശ്യമാണ്. അതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-52—പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ബഡ്ജറ്റ് വിഹിതം : 4.5 കോടി രൂപ (പ്ലാൻ)

11. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്ക് പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഹോസ്റ്റലുകളുടെ ചെറിയ അറ്റകുറ്റപ്പണി, ഫർണിച്ചർ, വൈദ്യുതി, പാത്രങ്ങൾ, മഴവെള്ള സംഭരണി, കമ്പ്യൂട്ടർ, ഖര-ദ്രവ മാലിന്യ സംസ്കരണം, ഇ -ഗവേർണൻസ് സംരംഭങ്ങൾ, കുടിവെള്ളം തുടങ്ങിയ എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതിനുദ്ദേശിച്ചുള്ളതാണ് ഈ പദ്ധതി. 4.5 കോടി രൂപ ടി പദ്ധതിയ്ക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 2024-25 വർഷത്തെ ചെലവുകൾ വഹിക്കുന്നതിലേയ്ക്ക് ടി ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-49-06—ആശ്രമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ് -വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1.14 ലക്ഷം രൂപ (പ്ലാൻ)

12. മോഡൽ റസിഡൻഷ്യൽ /ആശ്രമം സ്കൂളുകൾ, നാല് ഏകലവ്യ, രണ്ട് പ്രത്യേക സി.ബി.എസ്.ഇ. മാതൃക റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ദൈനംദിന നടത്തിപ്പിനാവശ്യമായ ചെലവുകൾ അവയുടെ കേട്ടുപാടുകൾ തീർക്കൽ അന്തേവാസികളുടെ സമഗ്ര വികസനത്തിനാവശ്യമായ സോഫ്റ്റ് സ്കിൽ വികസനം തുടങ്ങിയവ നടപ്പാക്കുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ള ടി പദ്ധതിയ്ക്ക് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 37 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-49-34—ആശ്രമം സ്കൂൾ / മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്-മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 39.2963 കോടി രൂപ (പ്ലാൻ)

13. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന ചെലവുകൾക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും മുൻവർഷത്തെ കുടിശ്ശിക നൽകുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-47-06—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ -വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 80,000 രൂപ (നോൺ പ്ലാൻ)

14. വ്യാവസായിക പരിശീലന കേന്ദ്രത്തിന്റെ വാടക നൽകുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. കുട്ടമല വി.ടി.സി. കെട്ടിടത്തിന് വാടക കുടിശ്ശിക ഇനത്തിൽ 90,000 രൂപ അനുവദിച്ചു നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-46-06—ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ-വാടക, കരം ,നികുതി

ബഡ്ജറ്റ് വിഹിതം : 1.5 ലക്ഷം രൂപ (നോൺ പ്ലാൻ)

15. ഉൽപ്പാദന പരിശീലന കേന്ദ്രത്തിന്റെ വാടക നൽകുന്നതിന് നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. പി.സി.ടി.സി.ചേന്നൻപാറ കെട്ടിടത്തിന് വാടക കുടിശ്ശിക ഇനത്തിൽ 92,000 രൂപ അനുവദിച്ചു നൽകാനുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ ടി ശീർഷകത്തിൽ 1 ലക്ഷം രൂപ കൂടി അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-40-03—വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും ധനസഹായവും-സ്കൂൾ കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 75 ലക്ഷം രൂപ (പ്ലാൻ)

16. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്ലസ്ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പഠനയാത്രയ്ക്കും വിനോദ യാത്രയ്ക്കും വേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുക എന്ന പദ്ധതി പ്രകാരം പിവിറ്റിജി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായുള്ള ഭാരതദർശൻ പരിപാടിക്ക് 100 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതാണ്. ടി പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-35—പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം : 32.1 കോടി രൂപ (പ്ലാൻ)

17. വിദ്യാവാഹിനി പദ്ധതിയുടെ നടത്തിപ്പ്, മോഡൽ പ്രീ സ്കൂളുകളുടെ പ്രവർത്തനം, മിൽമ മുഖേന പാൽ, മുട്ട വിതരണം എന്നീ പദ്ധതികൾക്ക് ഉൾപ്പെടെ ഈ ശീർഷകത്തിൽ 34.25 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-32—വയനാട് ഗോത്രഭാഷാ കലാപഠനകേന്ദ്രം

ബഡ്ജറ്റ് വിഹിതം : 4 ലക്ഷം രൂപ ( പ്ലാൻ)

18. വിവരണാത്മകവും അപഗ്രഥനാപരവുമായ രീതിശാസ്ത്രത്തിലൂടെ പട്ടികവർഗ്ഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷ, കലാരൂപങ്ങൾ, വായ് മൊഴിയായ സാഹിത്യം ഉൾപ്പെടെ) പ്രാഥമിക ദ്വിതീയ തലത്തിലുള്ള അടിസ്ഥാന വിവരങ്ങൾ, ഔദ്യോഗിക രേഖകൾ, സർവ്വേ, വ്യക്തിഗത

അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയിലൂടെ സമാഹരിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഗോത്രഭാഷാപഠനകേന്ദ്രം എന്ന ശീർഷകത്തിൽ 2024-25 വർഷം വകയിരുത്തിയിട്ടുള്ള 4 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പദ്ധതിയുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-277-29-02-12—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് - സംസ്ഥാന വിഹിതം- സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ (പ്ലാൻ)

19. 2018-19 മുതൽ 2022-23 വരെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കുടിശ്ശിക ഇനത്തിൽ അനുവദിച്ചു നൽകാനുള്ള 12.98 കോടി രൂപയും 2023-24 അധ്യയനവർഷത്തെ സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനായി 30 കോടി രൂപയും അധികം ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 42.98 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-282-92—അരിവാൾ രോഗത്തിനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

20. വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലെ പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടു വരുന്ന പാരമ്പര്യ രോഗമായ അരിവാൾ രോഗം ബാധിച്ചവർക്ക് സാന്ത്വനമെന്ന നിലയിലും, മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപമാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷം 26.70 ലക്ഷം രൂപ കുടിശ്ശിക ഉള്ളതിനാൽ അത് അനുവദിക്കുന്നതിലേക്ക് ഈ ശീർഷകത്തിൽ 27 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-800-92—ട്രൈബൽ ബോർഡിലെ അംഗങ്ങൾക്കുള്ള യാത്രാചെലവ്

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

21. പട്ടികവർഗ്ഗ ഉപദേശക സമിതി അംഗങ്ങളുടെ യാത്രാ ചെലവ് അനുവദിക്കുന്നതിനായുള്ള ഈ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-800-68-01—അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

22. 1984-ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം നടപ്പാക്കുന്നതിന് സഹായിക്കുന്നതിനായുള്ള ഈ പദ്ധതിയിൽ വിവിധ ജില്ലാ ഓഫീസുകളിലായി പെൻഡിംഗിലുള്ള അപേക്ഷകൾക്ക് ആശ്വാസ ധനസഹായം, ബോധവത്കരണം ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾക്കായി കേന്ദ്രസർക്കാരിൽ 1.55 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-800-68-02—അതിക്രമം തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

23. വിവിധ ജില്ലാ ഓഫീസുകളിലായി പെൻഡിംഗിലുള്ള അപേക്ഷകൾക്ക് ആശ്വാസ ധനസഹായം, ബോധവത്കരണം ഉൾപ്പെടെയുള്ള മറ്റ് പ്രവർത്തനങ്ങൾക്കായി നടപ്പ് വർഷം കേന്ദ്രസർക്കാരിൽ 1.55 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.55 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കിർത്താഡ്സ്**

2225-02-001-95—കിർത്താഡ്സ് - ഗവേഷണവും പരിശീലനവും

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

24. 2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ 78.35 ലക്ഷം രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു.ആയതിനാൽ ഈ ശീർഷകത്തിൽ 8.35 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-02-800-56—ആദികലാഗ്രാമം

ബഡ്ജറ്റ് വിഹിതം : 70 ലക്ഷം രൂപ (പ്ലാൻ)

25. 2024-25 സാമ്പത്തിക വർഷത്തേയ്ക്ക് 1.02 കോടി രൂപയാണ് ഈ ശീർഷകത്തിൽ ആവശ്യമായിവരുന്നതെന്നും എന്നാൽ 70 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളുവെന്നതിനാൽ ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-04-1—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - യാത്രാ ചെലവുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (നോൺ പ്ലാൻ)

26. വകുപ്പിൽ 80% പേരും ഫീൽഡ് ഓഫീസർമാരാണ്. പട്ടികജാതി പട്ടികവർഗ്ഗ സമുദായക്കാരുടെ ഉന്നമനത്തിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക (ഫീൽഡ് തലം ഉൾപ്പെടെ), ഗവേഷണങ്ങൾ നടത്തുക എന്നിവയും, ജാതി നിർണ്ണയത്തിന്റെ ഭാഗമായി പ്രധാനമായും വിവിധ താലൂക്കുകളിൽ നിന്നും പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ, ബഹു. ഹൈക്കോടതി എന്നിവിടങ്ങളിൽ നിന്നും വരുന്ന ജാതി കേസുകളുടെയും സ്ക്രൂട്ടിനി കമ്മിറ്റി, സ്ക്രീനിംഗ് കമ്മിറ്റി എന്നിവയ്ക്കു വേണ്ട അന്വേഷണ റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കേണ്ടതും ഈ വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളായതിനാൽ പ്രസ്തുത കാര്യങ്ങൾക്കായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്ത ബില്ലുകൾ അനുവദിക്കുന്നതിനും നിലവിലുള്ള കുടിശ്ശിക തീർക്കുന്നതിനുമായി പ്രസ്തുത ശീർഷകത്തിൽ 8.2826 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-2—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : 2.02 ലക്ഷം രൂപ (നോൺ പ്ലാൻ)

27. കിർത്താഡ്സിന് നിലവിൽ ഒരു വർഷത്തേയ്ക്ക് വൈദ്യുതി ചെലവ് ഇനത്തിൽ ഏകദേശം 4,02,000 രൂപ ആവശ്യമുള്ളതിൽ 2.02 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് അതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-3—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 51,000 രൂപ (നോൺ പ്ലാൻ)

28. വകുപ്പിന് നിലവിലുള്ള ടെലിഫോൺ കണക്ഷനുകൾക്ക് ഒരു വർഷത്തേയ്ക്ക് 35,000 രൂപയും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള KSWAN

കണക്ഷന് ഒരു വർഷത്തേയ്ക്ക് 55,000 രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 39,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-05-4—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 66,000 രൂപ (നോൺ പ്ലാൻ)

29. കിർത്താഡ്സിന്റെ ഓഫീസ് ചെലവുകൾ നിർവ്വഹിക്കുന്നതിന് അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.20 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-21-2—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)- മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റ് വിഹിതം : 24,000 രൂപ (നോൺ പ്ലാൻ)

30. കിർത്താഡ്സിന്റെ വാഹനങ്ങളുടെ അറ്റകുറ്റപണികളുടെ ചെലവിലേയ്ക്കായി വകുപ്പിന് ഒരു വർഷത്തേയ്ക്ക് 1,00,000 രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിനാൽ ഈ ശീർഷകത്തിൽ 76,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-26—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

31. ഔദ്യോഗിക ഭാഷയുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ നടത്താനും ഔദ്യോഗിക ഭാഷാ നയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാനുമായി 2024-25-ൽ ടോക്കൺ തുക മാത്രമേ അനുവദിച്ചിട്ടുള്ളൂ എന്നതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-45—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 77,000 രൂപ (നോൺ പ്ലാൻ)

32. കിർത്താഡ്സിന് വാഹനങ്ങളുടെ ഇന്ധന ചെലവിനായി 2024-25 സാമ്പത്തിക വർഷം 1,77,000 രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-001-99-99—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്)-വിവര സാങ്കേതിക വിദ്യ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

33. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും വകുപ്പിലേയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.99 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ**

2225-80-800-96-31—പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ സഹായധനം-ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.2878 കോടി രൂപ (നോൺ പ്ലാൻ)

34. കമ്മീഷൻ അംഗങ്ങളുടെയും ജീവനക്കാരുടെയും ശമ്പള ഇനത്തിൽ 3.8825 കോടി രൂപയാണ് 2024-25 വർഷത്തെ ചെലവായി കണക്കാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 1.2878 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.5947 കോടി രൂപ ഉപധനാഭ്യർത്ഥന വഴിയോ അധികമായി ധനപുനർവിനിയോഗം വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-80-800-96-36—പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള കമ്മീഷൻ-57 സഹായധനം ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 53.39 ലക്ഷം രൂപ (നോൺ പ്ലാൻ)

35. സാധാരണ ചെലവുകൾക്ക് പുറമേ കമ്മീഷനിലെ കാലഹരണപ്പെട്ട രണ്ട് വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങേണ്ടതിനാൽ ഈ ശീർഷകത്തിൽ 63.9 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പിന്നാക്ക വിഭാഗ വികസന വകുപ്പ്**

2225-03-102-94—കുംഭാര കോളനികളുടെ വികസനം

4225-03-102-99

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (പ്ലാൻ)

36. സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളിലെ ഏറ്റവും പിന്നാക്കം നിൽക്കുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളി സമുദായങ്ങൾ അധിവസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം (നടപ്പാത, കുടിവെള്ളം, വൈദ്യുതി, മണ്ണ് സംരക്ഷണം) തൊഴിൽ നവീകരണം (പൊതുവായ ഷെഡ്, മണ്ണരയ്ക്കുന്ന യന്ത്രം, ചൂള, മാർക്കറ്റിംഗ് സംവിധാനങ്ങൾ) എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നു. 2024-25 സാമ്പത്തിക വർഷം പരമാവധി 6 കോടി രൂപ ചെലവഴിച്ച് കുറഞ്ഞത് 6 കോളനികളുടെ വികസനം ലക്ഷ്യമിടുന്നതിനാൽ മേൽപറഞ്ഞ രണ്ട് ശീർഷകങ്ങളിലും കൂടി 5 കോടിരൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-277-99-12—മെട്രിക്കുലേഷന ശേഷമുള്ള പഠനങ്ങൾ- സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും

ബഡ്ജറ്റ് വിഹിതം : 200 കോടി രൂപ (നോൺ പ്ലാൻ)

37. പോസ്റ്റമെട്രിക്ക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധിക്ക് വിധേയമായി വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനും എസ്.ഇ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 1 ലക്ഷം രൂപ വരുമാന പരിധിക്ക് വിധേയമായി കെ.പി.സി.ആർ. ആനുകൂല്യം അനുവദിക്കുന്നതിനും മുൻ വർഷത്തെ കുടിശ്ശിക തീർക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശിർഷകത്തിൽ 500 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-03-800-81—ഒ.ബി.സി. യുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ (നോൺ പ്ലാൻ)

38. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനായി ജുഡീഷ്യറിയിൽ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്ന 2.5 ലക്ഷം രൂപ വരെ വാർഷികവരുമാനമുള്ളവർക്ക് 12,000/- രൂപ നിരക്കിൽ 3 വർഷത്തേക്ക് ഗ്രാന്റ് നൽകുന്ന ഈ ശീർഷകത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക നൽകേണ്ടതിനാലും 2024-25 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരമുള്ള അപേക്ഷകരുടെ എണ്ണം ഗണ്യമായി വർദ്ധിക്കുവാനിടയുള്ളതിനാലും ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-99—പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്കും പട്ടികജാതിയിലേക്ക് ശിപാർശ ചെയ്യപ്പെട്ടവർക്കു മായുള്ള സംസ്ഥാന വികസന കോർപ്പേറേഷൻ

ബഡ്ജറ്റ് വിഹിതം : 8 കോടി രൂപ (പ്ലാൻ)

39. കോർപ്പറേഷൻ 2024-25 സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന ലക്ഷ്യ ജനവിഭാഗങ്ങൾക്കായുള്ള ക്ഷേമ/സാമൂഹ്യ വികസന പദ്ധതികളും വായ്പാ പദ്ധതികളും നടപ്പിലാക്കുന്നതിലേക്കായി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 23.71 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-98—കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

40. സംസ്ഥാനത്തെ മറ്റു പിന്നോക്ക വിഭാഗക്കാരുടെയും മതന്യൂനപക്ഷ വിഭാഗങ്ങളുടെയും സാമൂഹിക സാമ്പത്തിക പുരോഗതിയാണ് കോർപ്പറേഷന്റെ ലക്ഷ്യം. ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ കോർപ്പറേഷൻ മറ്റു പിന്നോക്ക വിഭാഗത്തിനു തകുന്ന പരിപാടികൾ നടപ്പിലാക്കിവരുന്നു. ദേശീയ ഏജൻസികളുടെ പദ്ധതികൾക്ക് ആനുപാതിക വിഹിതം കണ്ടെത്തുന്നതിനും തനത് പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള മൂലധന സഹായം ആയി തുക അനുവദിക്കുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4225-03-190-97—കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ മാർക്കറ്റിംഗ് വികസന കോർപ്പറേഷൻ- ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ

ബഡ്ജറ്റ് വിഹിതം : 80 ലക്ഷം രൂപ (പ്ലാൻ)

41. സംസ്ഥാനത്തെ പരമ്പരാഗത കളിമൺപാത്ര നിർമ്മാണ ജനവിഭാഗത്തിന്റെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി സർക്കാരിന്റെ പൂർണ്ണ സഹായത്തോടെ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് പുതിയ പദ്ധതികൾ ആയ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പഠന വായ്പ, വിവാഹ വായ്പ, വാഹന വായ്പ, ഭവന അറ്റകുറ്റപ്പണികൾക്കുള്ള വായ്പ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ—XLVI**

**സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 13157.5214 കോടി രൂപ |
| ചാർജ്ജ് ചെയ്തത് | - | ഇല്ല |

**സാമൂഹ്യനീതി വകുപ്പ്**

2235-02-101-89—ഭിന്നശേഷിക്കാർക്ക് വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 91.64 ലക്ഷം രൂപ (നോൺ പ്ലാൻ)

42. 2024-25 സാമ്പത്തികവർഷം ഭിന്നശേഷിക്കാർക്കുള്ള ഭവനങ്ങൾക്ക് ഗ്രാന്റ് നല്കുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ജില്ലാ പഞ്ചായത്ത് ശീർഷകത്തിൽ 83,88,000/- രൂപയും മുനിസിപ്പാലിറ്റി ശീർഷകത്തിൽ 10,40,000 രൂപയും ഉൾപ്പെടെ ആകെ 94.28 ലക്ഷം രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-97—സംരക്ഷണ കേന്ദ്രങ്ങൾ

ബഡ്ജറ്റ് വിഹിതം : 46.76 ലക്ഷം രൂപ (നോൺപ്ലാൻ)

43. 2024-25 വർഷത്തെ ഗ്രാന്റ് മുഴുവൻ കൊടുത്ത് തീർക്കുന്നതിന് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 60.03 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 42.67 ലക്ഷം രൂപ (നോൺ പ്ലാൻ)

44. ഓർഫനേജ് കൺട്രോൾബോർഡ് ജീവനക്കാരുടെ ശമ്പളം, ശമ്പളേതരം ഇനങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ, ശമ്പള ഇനത്തിൽ 85,81,000/- രൂപയും ശമ്പളേതര ഇനത്തിൽ 13,98,000 രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ ആകെ 99.79 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-107-98-36—സന്നദ്ധ സംഘടനകൾക്കുള്ള സഹായം - സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 11.8187 കോടി രൂപ (നോൺ പ്ലാൻ)

45. 2024-25 സാമ്പത്തിക വർഷം വയോജന സംരക്ഷണ കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് പൂർണ്ണമായും നൽകുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.7963 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-98—കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 35 ലക്ഷം രൂപ (നോൺ പ്ലാൻ)

46. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കായി 2024-25 വർഷത്തേയ്ക്ക് വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ കോർപ്പറേഷന്റെ ഭരണ ചെലവുകൾക്കായി പ്രസ്തുത ശീർഷകത്തിൽ 1.15 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-800-98—മിശ്രവിവാഹങ്ങൾ

ബഡ്ജറ്റ് വിഹിതം : 1.1315 കോടി രൂപ (നോൺ പ്ലാൻ)

47. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരിൽ നിന്നും 2017 മുതൽ 2023 മാർച്ച് 31 വരെ ലഭിച്ച 4753 അപേക്ഷകൾക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ധനസഹായം അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ടി അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് നിലവിലെ വിഹിതം തികച്ചും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 14.259 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72-07—വയോമിത്രം

ബഡ്ജറ്റ് വിഹിതം : 27.50 കോടി രൂപ (പ്ലാൻ)

48. വയോജനങ്ങൾക്കായുള്ള സാമൂഹ്യസുരക്ഷ പദ്ധതിയായി സാമൂഹ്യസുരക്ഷാമിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിക്കായി നിലവിലെ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള വിഹിതം പൂർണ്ണമായും 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവുകൾക്ക് ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ മരുന്ന് വാങ്ങിയ വകയിൽ KMSCL ന് 10 കോടി രൂപ കുടിശ്ശിക ഉള്ളതിനാൽ പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-200-72(02)—കേരള സാമൂഹ്യ സുരക്ഷാ മിഷൻ-തീവ്രമായ ശാരീരിക / മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ബഡ്ജറ്റ് വിഹിതം : 50 കോടി രൂപ (പ്ലാൻ)

49. ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെട്ട 19229 ഗുണഭോക്താക്കളിൽ 17376 ഗുണഭോക്താക്കൾക്ക് 2022 സെപ്റ്റംബർ മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 19,80,86,400/- രൂപയും ബാക്കിയുള്ള 1853 ഗുണഭോക്താക്കൾക്ക് 2022 ഒക്ടോബർ മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 2,00,12,400/- രൂപയും ലൈഫ് സർട്ടിഫിക്കറ്റ് ലഭിച്ച 7080 ഗുണഭോക്താൾക്ക് 2021 ആഗസ്റ്റ് മാസം മുതൽ 2024 മാർച്ച് മാസം വരെ നൽകേണ്ട കുടിശ്ശിക തുകയായ 13,59,36,000/- രൂപയും ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന 26309 ഗുണഭോക്താൾക്ക് 2024-25 വർഷം ധനസഹായം നൽകാൻ ആവശ്യമായ തുകയായ 18,94,24,800/- രൂപയും പുതുതായി ലഭിച്ച 58500 അപേക്ഷകർക്ക് 2024-25 വർഷം ധനസഹായം നൽകാൻ ആവശ്യമായ തുകയായ 42,12,00,000/- യും ഉൾപ്പെടെ ആകെ, 96.46596 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസിലാക്കുന്നു. ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 46.46596 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## വനിതാ ശിശുവികസന വകുപ്പ്

2235-02-001-90—വനിതാ ശിശുവികസന ഡയറക്ടറാഫീസ്

ബഡ്ജറ്റ് വിഹിതം : 18.864 കോടി രൂപ (നോൺ പ്ലാൻ)

50. ഡയറക്ടറേറ്റിലേയും ജില്ലാ ഓഫീസുകളിലേയും ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിന് ഈ ശീർഷകത്തിൽ ടൂർ ടി.എ. ഇനത്തിൽ 8 ലക്ഷം രൂപയും ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 2 ലക്ഷം രൂപയും വാട്ടർ ചാർജ്ജ് ഇനത്തിൽ 1,20,000 രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2.5 ലക്ഷം രൂപയും ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 1 ലക്ഷം രൂപയും ഓഫീസ് ചെലവ് ഇനത്തിൽ 3 ലക്ഷം രൂപയും ഇന്ധന ചെലവ് ഇനത്തിൽ 1.85 ലക്ഷം രൂപയും വാഹന വാടക ഇനത്തിൽ 6.2 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 25.75 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-36-01 —കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്തം (ഒ.ആർ.സി.)

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ (പ്ലാൻ)

51. കുട്ടികളുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തരവാദിത്തപ്പെട്ട വിവിധ സർക്കാർ/സർക്കാരിതര ഏജൻസികൾ, സിവിൽ സമൂഹം-എന്നിവരുടെ സ്കൂൾ അധിഷ്ഠിതമായ ഒരു കൂട്ടായ്മയുടെ ശ്രമമായ പദ്ധതിയാണ് ഒ.ആർ.സി. നടപ്പ് സാമ്പത്തിക വർഷം നിലവിലുള്ള പ്രവർത്തനങ്ങൾക്ക് പുറമേ പ്രസ്തുത പദ്ധതി എൽ. പി. സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതിനും സൈക്കോ സോഷ്യൽ കൗൺസിലേഴ്സ് ഉള്ള സ്കൂളുകളിൽ പദ്ധതി കൂടുതൽ വിപുലമാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതിനാൽ നിലവിലുള്ള ബഡ്ജറ്റ് തുക അപര്യാപ്തമാണെന്ന് കാണുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-102-36-02—കാവൽ, കരുതൽ, ശരണബാല്യം, ഭദ്രം, മാർഗ്ഗജ്യോതി

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

52. കാവൽ, കാവൽ പ്ലസ്സ്, പാരെന്റിംഗ് ക്ലിനിക്, സ്പോൺസർഷിപ്പ് മുതലായ പദ്ധതികളുടെ നിർവ്വഹണം കൂടാതെ ബഹു.ഹൈക്കോടതിയുടെ ശിപാർശ പ്രകാരം ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്- അംശദാനം

ബഡ്ജറ്റ് വിഹിതം : 76.20 ലക്ഷം രൂപ (നോൺപ്ലാൻ)

53. 2024-25 സാമ്പത്തിക വർഷത്തേക്ക് സാമൂഹ്യക്ഷേമ ബോർഡിന്റെ ഫിനാൻസ് കമ്മിറ്റി അംഗീകരിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാന വിഹിതമായി 1,30,72,856/- രൂപ ആവശ്യമായി വരുന്നു. ഇതിനു പുറമേ 2018-19 വർഷത്തെ ബോർഡിന്റെ ഭരണചെലവുകൾക്കായി കേന്ദ്രബോർഡ് അംഗീകരിച്ച ബഡ്ജറ്റ് പ്രകാരമുള്ള 59,52,225 രൂപയും 2022-23 വർഷത്തെ കേന്ദ്രബോർഡ് അംഗീകരിച്ച റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരമുള്ള 67,87,475/- രൂപയും കുടിശ്ശിക ഇനത്തിൽ സർക്കാരിൽ നിന്നും ലഭിക്കേണ്ടതുണ്ട്. അതിനാൽ ഈ ശീർഷകത്തിൽ 1.8193 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-90-02—സ്ത്രീ ശാക്തികരണത്തിനുള്ള സുപ്രധാന പരിപാടി - കേരള വനിതാ വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 1.1 കോടി രൂപ (പ്ലാൻ)

54. ഫ്യൂച്ചർ വിമൻ ലീഡേഴ്സ് ഗ്രൂമിംഗ് പ്രോഗ്രാം, ബോധ്യം പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-03-103-89—വനിതകൾക്ക് വേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ (പ്ലാൻ)

55. ലീഡ് (Lead) പദ്ധതി 2024-25-ൽ നടപ്പിലാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-77—വിധവകളുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വേണ്ടിയുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 48.4 ലക്ഷം രൂപ (നോൺ പ്ലാൻ)

56. വിധവകളായ സ്ത്രീകളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കും ബിരുദാനന്തരമുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായത്തിനുമായുള്ള പ്രസ്തുത പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തിൽ ധനസഹായം നൽകുന്നതിന് ബാക്കിയുള്ള 323 അപേക്ഷകർക്കായി 3,59,95,544 രൂപയും 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള 3 കോടി രൂപയും 2024-25 സാമ്പത്തിക വർഷം

4 കോടി രൂപയും ഉൾപ്പെടെ 10,59,95,544 രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 10.1156 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-68—വനിത വികസന പദ്ധതികൾ

(1) 2235-02-103-68-01—നിർഭയ പദ്ധതികൾ-10 കോടി രൂപ (പ്ലാൻ)

(2) 2235-02-103-68-02—92 ലക്ഷം രൂപ (പ്ലാൻ)

(3) 2235-02-103-68-03—10 കോടി രൂപ (പ്ലാൻ)

ആകെ ബഡ്ജറ്റ് വിഹിതം : 20.92 കോടി രൂപ (പ്ലാൻ)

57. നിലവിലുള്ള 23 നിർഭയ ഹോമുകൾക്ക് പുറമേ 2023-24 സാമ്പത്തിക വർഷം ആരംഭിക്കുന്ന തൃശ്ശൂർ സ്പെഷ്യൽ നീഡ് ഹോമിന്റെ പ്രവർത്തന ചെലവ്, കണ്ടിജൻസി ചെലവുകൾ, ഹോമിലെ താമസക്കാർക്ക് ആഫ്റ്റർ കെയർ പ്രോഗ്രാമുകൾ, ഐ.ഇ.സി പ്രോഗ്രാമുകൾ, ധീര പദ്ധതി നടപ്പിലാക്കൽ, സമ്മർ ക്യാമ്പ്, ഹോം സ്റ്റാഫ് ട്രെയിനിംഗ്, കാവൽ പ്ലസ്സ്, പ്രിലിമിനറി അസസ്സ്മെന്റ്, OSC സ്റ്റാഫ് ട്രെയിനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2225-02-103-68-01(P) എന്ന ശിർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-57—ആക്രമണങ്ങളിൽ നിന്ന് രക്ഷപ്പെട്ടവർക്കുള്ള ആശ്വാസ നിധി

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ (പ്ലാൻ)

58. ലൈംഗിക കുറ്റ കൃതങ്ങൾ, ആസിഡ് ആക്രമണങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അക്രമം, ഗാർഹിക ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെട്ടവർക്ക് പെട്ടെന്നുതന്നെ സഹായം നൽകേണ്ടത് അത്യാവശ്യമാണെന്ന് സമിതി കരുതുന്നു. അതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-103-52— ശ്രീമതി ദാക്ഷായണി വേലായുധൻ അവാർഡ്

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

59. ദാക്ഷായണി വേലായുധൻ അവാർഡ് നൽകുന്നതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 1000 രൂപ അനുവദിച്ചിട്ടുണ്ട്. അവാർഡ് തുകയ്ക്കായി 1,00,000 രൂപയും പ്രശസ്തി പത്രം, ശിൽപ്പം എന്നിവയ്ക്കായി 10,000 രൂപയും ഉൾപ്പെടെ 1,10,000 രൂപ ആവശ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 1.09 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-104-99—ശ്രീ ചിത്രാ ഹോം - സഹായധനം

ബഡ്ജറ്റ് വിഹിതം : 75.34 ലക്ഷം രൂപ (നോൺ പ്ലാൻ)

60. ശ്രീ ചിത്രാഹോമിന്- വേണ്ടി ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ടി ശീർഷകത്തിലെ 31-സഹായധനം- ശമ്പളം ഇനത്തിൽ 2023-2024 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ ആവശ്യമായ 24.88 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിലേക്ക് അധികമായി ആവശ്യമായിവരുന്ന 44.67 ലക്ഷം രൂപയും 35-മൂലധനത്തിനുള്ള സഹായധനം എന്ന ഇനത്തിൽ ശ്രീ ചിത്രാ ഹോമിലെ 200 പെൺകുട്ടികളും 50 ആൺകുട്ടികളും താമസിക്കുന്ന കോമ്പൗണ്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി പുതിയ ഹോസ്റ്റലിന്റെ നിർമ്മാണം, പ്രിന്റിംഗ്, ബയന്റിംഗ് വൊക്കേഷണൽ യൂണിറ്റ്, ഓഫീസ് ബഹുനിലകെട്ടിട നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം, രോഗി സൗഹൃദ ഷോർട്ട് സ്റ്റേ കെട്ടിട നിർമ്മാണം, മാതൃശിശു പുനരധിവാസ ഷോർട്ട് സ്റ്റേ, മുതിർന്ന പെൺകുട്ടികൾക്കുള്ള ആഫ്റ്റർ കെയർ ഹോം, അപ്പാരൽ തൊഴിൽ യൂണിറ്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 60 കോടി രൂപയും 36-സഹായധനം-ശമ്പളേതരം ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്ന തുകയിൽ ലഭ്യമാകാതെ നിൽക്കുന്ന ഇരുപത് ലക്ഷം രൂപയും 250 കുട്ടികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ വിദ്യാഭ്യാസ സംരക്ഷണ ചെലവുകൾക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് 2024-25 സാമ്പത്തിക വർഷത്തിൽ ശമ്പളേതര ചെലവുകൾക്കായി അധികം ആവശ്യമായ 60 ലക്ഷം രൂപയും ഉൾപ്പെടെ പ്രസ്തുത ശീർഷകത്തിൽ 61.4955 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-99—<u>കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ</u>

ബഡ്ജറ്റ് വിഹിതം : 14.50 കോടി രൂപ (പ്ലാൻ)

61. സംസ്ഥാനത്തെ വനിത സംരംഭകർക്കായും ഇന്നോവേറ്റേഴ്സിനായും, എക്സ്പോ സംഘടിപ്പിക്കുന്നതിനും വായ്പാ വിതരണത്തിനും 2024-25 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 4.65 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-200-72-11—<u>കേരള സാമൂഹ്യ സുരക്ഷാ മിഷൻ -സ്നേഹപൂർവ്വം</u>

ബഡ്ജറ്റ് വിഹിതം : 17.39 കോടി രൂപ (പ്ലാൻ)

62. മാതാവോ പിതാവോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കും, മാതാപിതാക്കൾ ജീവിച്ചിരിപ്പുള്ള എച്ച്.ഐ.വി/എയ്ഡ്സ് ബാധിതരായ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതിയിൽ 2022-23 വർഷത്തെ കുടിശ്ശികയിനത്തിൽ 13 കോടി രൂപയും 2023-24 വർഷത്തെ ചെലവുകൾക്കായി 30 കോടി രൂപയും ചേർത്ത് ആകെ 43 കോടി രൂപ ആവശ്യമാണെന്ന് സമിതി മനസിലാക്കുന്നു. 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ 17.39 കോടി രൂപ പദ്ധതി നടത്തിപ്പിന് അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 25.61 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

4235-02-102-84—<u>ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോമിന്റെ നിർമ്മാണം</u>

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ (പ്ലാൻ)

63. സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്കായി ഇടുക്കി ജില്ലയിൽ ചിൽഡ്രൻസ് ഹോം നിർമ്മിക്കുന്നതിനായി 5,45,50,000 രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി. തയ്യാറാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 5.445 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**പൊതുഭരണ വകുപ്പ്**

2235-02-001-87-31—മുന്നോക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ - സഹായധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 1.9336 കോടി രൂപ (നോൺ പ്ലാൻ)

64. കമ്മീഷൻ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ശമ്പളം, ഡി.എ., ആർജ്ജിത അവധി, ചെലവ് എന്നിവയ്ക്കായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.1064 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-97—കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 34 കോടി രൂപ (പ്ലാൻ)

65. 2019-20 സാമ്പത്തിക വർഷം വിജയകരമായി നടപ്പിലാക്കിയ ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയ മംഗല്യ സമുന്നതി പദ്ധതിക്ക് ഈ വർഷം 1269 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാവർക്കും നൽകുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള തുക തികച്ചും അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. കൂടാതെ 2016-17 സാമ്പത്തിക വർഷം മുതൽ വിജയകരമായി നടപ്പാക്കി വരുന്ന "ഭവനസമുന്നതി" പദ്ധതിയിൽ 4 ലക്ഷം രൂപ വരെ വാർഷിക വരുമാന പരിധിയിലുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. ജീർണ്ണിച്ച അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിന് മാത്രമായി ആദ്യം പരിമിതപ്പെടുത്തിയിരുന്ന ഈ പദ്ധതി ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം EWS-ൽ ഉൾപ്പെടുന്ന എല്ലാ വിഭാഗത്തിൽപ്പെട്ട അർഹരായ ഗുണഭോക്താക്കളുടെ വീടുകളുടേയും അഗ്രഹാരങ്ങളുടെയും പുനരുദ്ധാരണത്തിനായി ധനസഹായം നൽകി വരുന്നു. EWS-ലെ എല്ലാ വിഭാഗങ്ങളിൽപ്പെടുന്നവർക്കും ധനസഹായം ലഭ്യമാകത്തക്കവിധം ക്രമീകരിക്കേണ്ടതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് കാണുന്നു. ഈ വർഷം ഭവന സമുന്നതി പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ അപര്യാപ്തതമൂലം 10% പേർക്ക് പോലും നിലവിൽ സാമ്പത്തിക സഹായം അനുവദിക്കുവാൻ കഴിയാത്ത സ്ഥിതിയാണെന്ന് സമിതി മനസ്സിലാക്കുന്നു. അതിലുപരി മുൻ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റായ 3 കോടി രൂപയിൽ നിന്നും 1.5 കോടി രൂപയായി 2024-25-ലെ അലോട്ട്മെന്റിൽ കുറവ് വരുത്തിയിരിക്കുന്നു. വിദ്യാസമുന്നതി മെരിറ്റ് സ്കോളർഷിപ്പ് പദ്ധതിയ്ക്ക് മുൻ സാമ്പത്തിക വർഷത്തെ അലോട്ട്മെന്റായ 17 കോടി രൂപയിൽ നിന്നും 12 കോടി രൂപയായി

2024-25-ലെ അലോട്ട്മെന്റിൽ കുറവ് വരുത്തിയിരിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ മംഗല്യ സമുന്നതി പദ്ധതിയ്ക്ക് 4 കോടി രൂപയും ഭവന സമുന്നതി പദ്ധതിയ്ക്ക് 10.5 കോടി രൂപയും വിദ്യാസമുന്നതി സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 5 കോടി രൂപയും ഉൾപ്പെടെ ആകെ 19.5 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-190-97—കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 89.91 ലക്ഷം രൂപ (നോൺ പ്ലാൻ)

66. മാനേജിംഗ് ഡയറക്ടർ, ചെയർമാൻ അടക്കമുള്ളവരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈ ശീർഷകത്തിൽ നിന്നാണ് നിലവിൽ വഹിച്ചു വരുന്നത്. നിലവിലെ അലോട്ട്മെന്റ് ഒരു സാമ്പത്തിക വർഷത്തെ ശമ്പള ചെലവുകൾക്ക് അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആഭ്യന്തര വകുപ്പ്**

2235-02-106-98—ദുർഗ്ഗുണ പരിഹാര പാഠശാല

ബഡ്ജറ്റ് വിഹിതം : 1.6928 കോടി രൂപ (നോൺ പ്ലാൻ)

67. ദുർഗ്ഗുണ പരിഹാര പാഠശാലയിലെ വെള്ളക്കരം, വൈദ്യുതി ചാർജ്ജ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-02-106-92—തടവുകാരുടെ ക്ഷേമം

ബഡ്ജറ്റ് വിഹിതം : 9 കോടി രൂപ (പ്ലാൻ)

68. 'തടവുകാരുടെ ക്ഷേമം' സ്കീമിൽ ഉൾപ്പെടുത്തി വളരെ അത്യാവശ്യമായി സെൻട്രൽ ജയിലുകളിലെയും തുറന്ന ജയിലുകളിലെയും ആശുപത്രി സൗകര്യം വർദ്ധിപ്പിച്ച് ആയത് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ മാതൃകയിലേക്ക് ഉയർത്തേണ്ടതായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സൈനിക ക്ഷേമ വകുപ്പ്**

2235-60-200-71—<u>ജവാൻമാർക്ക് വേണ്ടിയുള്ള ക്രിസ്തുമസ്- ന്യൂ ഇയർ ബമ്പർ ലോട്ടറിയുടെ അറ്റാദായം -ഫ്ലാഗ് ഡേ ഫണ്ട് അക്കൗണ്ടിലേക്കുള്ള റിലീസ്</u>

ബഡ്ജറ്റ് വിഹിതം : ഇല്ല (നോൺ പ്ലാൻ)

69. 4-1-2013-ൽ നറുക്കെടുപ്പ് നടന്ന ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റ് തുക 12 കോടി 97 ലക്ഷം രൂപ ആകുന്നു. ഇതിൽ നിന്നും സൈനിക ക്ഷേമ വകുപ്പിന് നാളിതുവരെ 7.50 കോടി രൂപ ലഭിച്ചിട്ടുണ്ട്. ഇനിയും ഈ വകയിൽ 5.47 കോടി രൂപ ലഭിക്കുവാനുണ്ട്. ആംഡ് ഫോഴ്സ് ഫ്ലാഗ് ഡേ ഫണ്ടിലേക്ക് ലഭിക്കുന്ന പ്രസ്തുത തുക വിമുക്തഭടന്മാർക്കുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു. ജയ് ജവാൻ ലോട്ടറിയുടെ നെറ്റ് പ്രോഫിറ്റിൽ നിന്നും തുക ലഭ്യമാകാത്തതിനാൽ നിലവിലുള്ള സ്കീമുകളിൽ നിന്നും വിമുക്തഭടന്മാർക്കും ആശ്രിതർക്കും നൽകി വരുന്ന വിവിധയിനം സാമ്പത്തിക സഹായം വർദ്ധിപ്പിക്കുവാനും പുതിയ സ്കീമുകൾ ഉൾപ്പെടുത്തുവാനും സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. അയതിനാൽ <u>ഈ ശീർഷകത്തിൽ 5.47 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**കെ. രാധാകൃഷ്ണൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം
2024 മാർച്ച് 5.